**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 412** **20-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വിഹിതത്തോടു കൂടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഏത് ക്ലാസുവരെയുള്ള കുട്ടികൾക്കാണ് ഉച്ചഭക്ഷണം നൽകി വരുന്നത്; ഇത് പത്താം ക്ലാസ്സുവരെയുള്ളവർക്ക് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (എ) | 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ച് സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ വരുന്ന വിദ്യാലയങ്ങളിലെയും ഒന്ന് മുതൽ എട്ടാം ക്ലാസ്സുവരെ പഠിക്കുന്നതോ അല്ലെങ്കിൽ ആറു മുതൽ പതിനാല് വയസ്സ് വരെയുള്ള പ്രായപരിധിയിൽ വരുന്നതോ ആയ വിദ്യാർത്ഥികൾക്കാണ് **കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ** ഉച്ചഭക്ഷണം നൽകി വരുന്നത്. ടി കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള സൗജന്യ ഭക്ഷ്യ ധാന്യവും ധനവിഹിതവുമാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നത്. ആയതിനാൽ ടി പദ്ധതിയിൻ കീഴിൽ ഉച്ചഭക്ഷണം ഒൻപത്, പത്ത് എന്നീ ക്ലാസ്സ് വരെയുള്ള സ്കൂൾ കുട്ടികൾക്ക് കൂടി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരി നോട് ആവശ്യപ്പെടുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിക്ക് പ്രതിദിനം എത്ര രൂപ ചെലവഴിക്കുന്നുവെന്ന് അറിയിക്കാമോ; തുക അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | **പ്രസ്തുത പദ്ധതി പ്രകാരം ഒരു വിദ്യാർ ത്ഥിക്കായി പ്രതിദിനം ചെലവഴിക്കുന്ന തുക സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.**<br><br>**സ്ളാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ**<br><br>**സ്ളാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ**<br><br>**സ്ളാബ് III - 500 കുട്ടികൾക്ക് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ.**<br><br>**നിലവിൽ അനുവദിച്ച വരുന്ന തുക അപര്യാപ്തമാണെന്നും ആയത് വർദ്ധിപ്പി** |

| | | | |
|---|---|---|---|
| | | | **ക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.** |
| (സി) | ഇതിന് പുറമെ ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികൾക്ക് പാലും മുട്ടയും വിതരണം ചെയ്യുന്നുണ്ടോ; ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ; | (സി) | സപ്ലിമെന്ററി ന്യൂട്രീഷൻ പദ്ധതിയുടെ ഭാഗമായി ഉച്ചഭക്ഷണത്തിന് അർഹത യുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം 150 മില്ലിലിറ്റർ പാൽ, ആഴ്ചയിൽ ഒരു ദിവസം മുട്ട/നേന്ത്രപ്പഴം എന്നിവ നൽകിവരുന്നുണ്ട്. ടി പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ പ്രത്യേക സഹായം ലഭിക്കുന്നില്ല. |
| (ഡി) | സ്കൂളുകളിലെ ഉച്ചഭക്ഷണം നിശ്ചിത ഗുണനിലവാരം പുലർത്തുന്നുവെന്ന് ഉറപ്പാക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് നൽകി വരുന്ന ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തു ന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെയർ ആവറേജ് ക്വാളിറ്റി (എഫ്.എ.ക്യൂ) നിലവാരമുള്ള വൈറ്റ് പാർ ബോയിൽഡ് അരിയാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. എഫ്.സി.ഐ മുഖാന്തിരം ലഭ്യമാകുന്ന പ്രസ്തുത അരി പിന്നീട് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (സപ്ലൈകോ) നിർദ്ദിഷ്ട ഔട്ട് ലെറ്റുകൾ (മാവേലി സ്റ്റോറുകൾ, സബ് ഡിപ്പോകൾ) വഴിയാണ് സ്കൂളുകൾക്ക് ലഭിക്കുന്നത്. എഫ്.സി.ഐയുടേയും സപ്ലൈകോയുടേയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങളുടെ സംയുക്ത ഗുണമേന്മാ പരിശോധനയ്ക്ക് ശേഷമാണ് അരി എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് വിതരണത്തിനായി സപ്ലൈകോ എടുക്കുന്നത്. 2021 ഒക്ടോബർ മാസം മുതൽ ഫോർട്ടിഫൈഡ് അരിയാണ് ടി പദ്ധതിയ്ക്ക് അനുവദിക്കുന്നത്. ഫോർട്ടി ഫൈഡ് അരിയുടെ ഗുണമേന്മ പരിശോധന എഫ്.സി.ഐ തലത്തിൽ നടത്തപ്പെടുന്നുണ്ട്.<br><br>അരി ഒഴികെ ഉച്ചഭക്ഷണ പദ്ധതിക്കായി വാങ്ങുന്ന പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, ഭക്ഷ്യഎണ്ണ മുതലായ ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഗുണമേന്മ ഉറപ്പുവരുത്തു ന്നതിനായി, ടി ഭക്ഷ്യ സാധനങ്ങൾ കഴിവതും സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് (സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ് ) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷിക ഉൽപന്നങ്ങളും ഉപയോഗിക്കണമെന്നും പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | അവ ഇല്ലാത്തിടങ്ങളിൽ മിൽമയിൽ നിന്നും പാൽ വാങ്ങണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാചകം ചെയ്ത ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നതിന് മുൻപായി ഉച്ചഭക്ഷണ പദ്ധതിയുടെ ചാർജ്ജുള്ള അദ്ധ്യാപകൻ / അദ്ധ്യാപികയെ കൂടാതെ ഒന്നോ രണ്ടോ എസ്.എം.സി (സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ) അംഗങ്ങൾ കൂടി ഭക്ഷണം രുചിച്ച് നോക്കുകയും ഭക്ഷണത്തിന്റെ ഗുണമേന്മ സംബന്ധിച്ച അഭിപ്രായം ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തു വരുന്നു. FSSAI അംഗീകൃതവും NABL അക്രഡിറ്റേഷനുമുള്ള ലാബോറട്ടറിയിൽ ഭക്ഷണ സാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ